**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 328** **23-06-2026-ൽ മറുപടിയ്ക്ക്**

**മണ്ണാർക്കാട് ജയിൽ കെട്ടിട നിർമ്മാണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. പ്രേംകുമാർ

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** പാലക്കാട് ജില്ലയിൽ ചുറ്റുമതിൽ നിർമ്മാണം പൂർത്തിയായിട്ടുള്ള മണ്ണാർക്കാട് ജയിലിന്റെ കെട്ടിട നിർമ്മാണത്തിനുള്ള തുക സർക്കാർ വകയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത കെട്ടിട നിർമ്മാണത്തിനുള്ള തുക വകയിരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

**മറുപടി:** പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്കിൽ മണ്ണാർക്കാട് 1 വില്ലേജിൽ റീസർവ്വേനം. 131/14 ഉൾപ്പെട്ട (കാഞ്ഞിരപ്പുഴ ഇറിഗേഷൻ വകുപ്പ് വക) 2.864 ഹെക്ടർ സർക്കാർ ഭൂമിയിൽ നിന്നും സബ് ഡിവിഷൻ ചെയ്ത 131/36 ൽപ്പെട്ട 1.6221 ഹെക്ടർ ഭൂമി (4 Acre) മണ്ണാർക്കാട് സ്പെഷ്യൽ സബ് ജയിൽ നിർമ്മിക്കുന്നതിന് ജയിൽ വകുപ്പിന് അനുവദിച്ച് ഉത്തരവായിരുന്നു. പ്രസ്തുത സ്ഥലത്ത് ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി 148 ലക്ഷം രൂപ (ഒരു കോടി നാൽപ്പത്തിയെട്ട് ലക്ഷം രൂപ) 2022-23ലെ വാർഷിക പദ്ധതി സ്കീമിൽ ഉൾപ്പെടുത്തി അനുവദിക്കുകയും അപ്രകാരം 06-04-2024 തീയതിയിൽ ചുറ്റുമതിൽ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

പ്രസ്തുത സ്ഥലത്ത് ജയിൽ കെട്ടിട നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന്റെ ഭാഗമായി വിശദമായ പ്ലാനും, 58 കോടി (അൻപത്തിയെട്ട് കോടി രൂപ) രൂപയുടെ എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

2026-27 ധനവർഷത്തെ ജയിൽ വകുപ്പിന്റെ പ്ലാൻ പ്രൊപ്പോസലിൽ മണ്ണാർക്കാട് ജയിലിന്റെ ആദ്യഘട്ട നിർമ്മാണ പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്. ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**